# ഭൂപ്രദേശസൂചികാ പദവി: ബോധവത്കരണ ശില്പശാല

തൃശ്ശൂർ ▸ നിലമ്പൂർ തേക്കിന് ഭൂപ്രദേശസൂചികാ പദവി നേടിയതിനെത്തുടർന്ന് കാർഷിക സർവകലാശാലയുടെ ബൗദ്ധികസ്വത്തവകാശ സെല്ലും ഫോറസ്ട്രി കോളേജും ചേർന്ന് ശില്പശാല സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു ഉദ്ഘാടനം ചെയ്തു.

ആദ്യമായി ഭൂപ്രദേശസൂചികാ പദവി നേടിയ വനവിഭവമാണ് നിലമ്പൂർ തേക്ക്. മൂന്നുവർഷത്തോളം നീണ്ടുനിന്ന നടപടിക്രമങ്ങൾക്കൊടുവിൽ ഇക്കഴിഞ്ഞ ഡിസംബറിലാണ് ഈ സവിശേഷ തടിയിനത്തിന് ഭൂപ്രദേശസൂചികാ പദവി ലഭിച്ചത്.

ഗവേഷണ ഡയറക്ടർ ഡോ. പി. ഇന്ദിരാദേവിയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഫോറസ്ട്രി ഡീൻ ഡോ. കെ. വിദ്യാസാഗരൻ, ഡോ. എസ്. ഗോപകുമാർ, ഡോ. ടി. പ്രദീപ്കുമാർ എന്നിവർ നിലമ്പൂർ തേക്കിന്റെ ലോഗോ അനാവരണം ചെയ്തു.

ജനറൽ കൗൺസിൽ അംഗങ്ങളായ ഡോ. എസ്. എസ്റ്റലിറ്റ, പി.കെ. ശ്രീകുമാർ, ഡോ. സക്കീർ ഹുസൈൻ, ബിബിൻ ചാക്കോ തുടങ്ങിയവർ പങ്കെടുത്തു.

Mathrubhumi 23.01.18